## നിസ്തുലമായ ദിവ്യ പ്രവാഹം

**I. കർത്താവിന്റെ നീക്കത്തിൽ കർത്താവിന്റെ വേലയുടെ ഒരു ദിവ്യ പ്രവാഹം മാത്രമേയുള്ളൂവെന്നും നാം ഈ പ്രവാഹത്തിൽ നമ്മെത്തന്നെ സൂക്ഷിക്കേണ്ടതുണ്ടെന്നും പ്രവൃത്തികളുടെ പുസ്തകം വെളിപ്പെടുത്തുന്നു**

- തലമുറകളായി ഒഴുകിക്കൊണ്ടിരിക്കുന്ന ദിവ്യപ്രവാഹം നിസ്തുലമായി ഒന്നാണ്
- ദിവ്യപ്രവാഹം ഒഴുകുന്നിടത്ത്, നമുക്ക് ദൈവജീവനും, ശരീരത്തിന്റെ കൂട്ടായ്മയും, യേശുവിന്റെ സാക്ഷ്യവും, ദൈവത്തിന്റെ വേലയും ഉണ്ട്
- കർത്താവിനെ നമ്മുടെ ആദ്യസ്നേഹമായി എടുത്തുകൊണ്ട്, നമ്മുടെ മുഴുവൻ ആളത്തത്തിൽ നാം അവന് പ്രഥമസ്ഥാനം നൽകുമ്പോൾ, നമ്മുടെ ഉള്ളിലും നമ്മിൽനിന്ന് പുറത്തേക്കും ഒഴുകികൊണ്ട് അവൻ നമുക്ക് ദിവ്യപ്രവാഹമായിത്തീരുന്നു

## ആൾപ്പാർപ്പുള്ള ഭൂമിയുടെ നാലു കോണുകളിലേക്കും ഈ പ്രവാഹം വ്യാപിക്കണം

**II. സഭയുടെ അടിസ്ഥാന തത്ത്വം അത് നിത്യവും സാർവത്രികവുമാകുന്നു എന്നതാണ്, അങ്ങനെ സഭ നിരന്തരം ഭൂമിയിൽ വ്യാപിക്കണം; സഭയുടെ വളർച്ചയും സഭയുടെ കെട്ടുപണിയും വ്യാപനത്തെ അടിസ്ഥാനമാക്കിയിരിക്കുന്നു**

- സഭയുടെ വ്യാപനം സംഭവിക്കുന്നത് കർത്താവിന്റെ ജീവനിലുള്ള വളർച്ചയാലും കർത്താവിന്റെ ജീവന്റെ ബഹിർഗമനമായ, ജീവന്റെ കവിഞ്ഞൊഴുക്കിനാലുമാണ്
- സഭ സാർവത്രികവും, വ്യാപനം ആവശ്യവുമായതിനാൽ എല്ലാ ഗോത്രങ്ങളോടും ഭാഷകളോടും ജനങ്ങളോടും രാഷ്ട്രത്തോടും സുവിശേഷം പ്രസംഗിക്കണം
- ശൗലിന്റെ തിരഞ്ഞെടുപ്പ് മാനുഷിക ധാരണയ്ക്ക് വിരുദ്ധമാണ്; ഒരു വ്യക്തിക്ക് ഒരു കാലത്ത് സഭയെ ഉപദ്രവിക്കുവാനും അടുത്ത നിമിഷം സുവിശേഷം പ്രസംഗിക്കുവാനും കഴിയും
- ഭൂമിയിലെ കർത്താവിന്റെ സുവിശേഷ നീക്കം സ്വർഗത്തിലെ സിംഹാസനത്തിലുള്ള അവന്റെ ഭരണത്തിൻ കീഴിലാണ്. എല്ലാത്തരം അശുദ്ധ (പാപികളായ) ജനത്തെയും ശേഖരിക്കുന്നതിന് സുവിശേഷം ആൾപ്പാർപ്പുള്ള ഭൂമിയുടെ നാലു കോണുകളിലേക്കും വ്യാപിക്കണം

## ഈ പ്രവാഹത്തെ തടസ്സപ്പെടുത്തുന്ന സാത്താന്റെ തന്ത്രങ്ങളിൽ നിന്ന് നാം രക്ഷപ്പെടണം

**III. സഭയുടെ വ്യാപനത്തെയും കെട്ടുപണിയെയും തടസ്സപ്പെടുത്തുവാനുള്ള സാത്താന്റെ തന്ത്രങ്ങളിൽനിന്ന് രക്ഷപെടുന്നതിന് നമുക്ക് കർത്താവിന്റെ കരുണ ലഭിക്കുകയും, അവന്റെ ശരീരത്തിന്റെ കെട്ടുപണിക്കായി നാം നമ്മെത്തന്നെ യുഗത്തിന്റെ ഒഴുക്കിൽ കാത്തുസൂക്ഷിക്കുകയും വേണം**

- ബാഹ്യവും നിർജീവവുമായ ചട്ടങ്ങളിൽനിന്നും, മാനുഷിക അഭിപ്രായങ്ങളിൽനിന്നും, പഴയ ധരണകളോടുകൂടിയ സ്വയത്തിൽനിന്നും നാം രക്ഷിക്കപ്പെടണം; കർത്താവിൽനിന്ന് കരുണ പ്രാപിക്കുന്നവനെല്ലാം ഈ കാര്യങ്ങളിൽനിന്ന് രക്ഷിക്കപ്പെടും; നാം രക്ഷിക്കപ്പെടുന്ന അളവോളം സഭയ്ക്ക് കെട്ടുപണിചെയ്യപ്പെടുവാൻ കഴിയുന്നു

**കെട്ടുപണിക്കായ് നാം പഠിക്കുകയും രക്ഷപ്പെടുകയും വേണം:**

- നമ്മുടെ മതപാരമ്പര്യങ്ങളുടെയും പഴയ പശ്ചാത്തലത്തിന്റെയും മൂടുപടങ്ങളിൽ നിന്നും
- മാനുഷിക അഭിപ്രായങ്ങളിൽനിന്നും സ്വാഭാവിക ബന്ധങ്ങളിൽ നിന്നും
- ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ പൂർണ വെളിപാടില്ലാത്തതും, യുഗത്തിന്റെ ശുശ്രൂഷയോട് പൂർണ്ണമായി ഒന്നാകാത്തതുമായ ശുശ്രൂഷയിൽ നിന്നും
- നമ്മിൽ ഉൾവസിക്കുന്ന ആത്മാവിന്റെ ആന്തരിക നടത്തിപ്പിനെ പിന്തുടരുന്നതിൽനിന്ന് തടയുന്ന പഴയ ബന്ധങ്ങളും, പഴയ സ്നേഹബന്ധങ്ങൾ, പഴയ ചായ്‌വുകൾ, പഴയ ധാരണകൾ എന്നിവയിൽ നിന്നും
- ശരീരജീവിതം അഭ്യസിക്കുവാനും, ശരീരത്തിന്റെ അവയവങ്ങളിലൂടെയുള്ള ആത്മാവിന്റെ വചനം സ്വീകരിച്ച്, അതിനെ തലയിൽനിന്നുള്ള വചനമെന്നപോലെ അനുസരിക്കുവാൻ
- യെരൂശലേമിലുള്ള സഭയുടെ വിനാശകരമായ കലർപ്പിൽ നിന്നും
- യെഹൂദ ആചാരങ്ങളെ ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുമായി കൂട്ടിക്കലർത്തുന്നതിൽ നിന്നും
- കർത്താവിന്റെ ശുശ്രൂഷ കഴിയുന്നത്ര നിർവഹിക്കേണ്ടതിന്, തന്നെ ഉപദ്രവിക്കുന്നവരിൽ നിന്ന് രക്ഷിക്കുന്നതിന് അവന്റെ റോമാ പൗരത്വം ഉപയോഗിച്ചുകൊണ്ട് പൗലൊസ് കൈസറിനോട് അപേക്ഷിച്ചതിന്റെ പാഠത്തിൽ നിന്നും

## നാല് തരം വേലക്കാർ

**IV. നിസ്തുലമായ ശരീരത്തിനുവേണ്ടി സാർവത്രികമായി ഒരേ ഏക വേല ചെയ്യുന്നതിന് അപ്പൊസ്തലനായ പൗലൊസിന്റെ മാതൃക നാമെല്ലാവരും പിന്തുടരണം**

- കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ വേല, ക്രിസ്തുവിന്റെ സാർവത്രിക ശരീരത്തിന്റെ കെട്ടുപണിക്കു വേണ്ടി സ്ഥലം സഭകളുടെ കെട്ടുപണിക്കു വേണ്ടിയാണ്

**നാല് തരം വേലക്കാർ**

1. ഈ യുഗത്തിലുള്ള ദൈവത്തിന്റെ ശുശ്രൂഷയുടെ ആവശ്യത്തോട് പൊരുത്തപ്പെടുന്ന കൂട്ടുവേലക്കാർ; കർത്താവിനാൽ ഇടപെടൽ പ്രാപിച്ചവരും ഒരുമനസ്സുള്ളവരുമായ വ്യക്തികളുടെ ഒരു ചെറിയ കൂട്ടം
2. ഇളയവരായ കൂട്ടുവേലക്കാർ; മുതിർന്ന കൂട്ടുവേലക്കാരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും ഏകോപനത്തിന് കീഴിൽ വരാനും, അവരെ പിന്തുടരുവാനും താഴ്മയോടെ പഠിക്കുവാനും തയ്യാറുള്ളവർ
3. മുതിർന്ന കൂട്ടുവേലക്കാർക്ക് കീഴ്പ്പെടുവാൻ മനസ്സില്ലാത്തവരും, വിഭാഗങ്ങളിൽപെടാത്തവരും, എന്നാൽ നമ്മോടൊപ്പം കൂട്ടായ്മയിൽ ആയിരിക്കുവാൻ സന്തോഷമുള്ളവരും
4. വിഭാഗങ്ങളിലുള്ള പ്രസംഗികരും സ്വതന്ത്ര സുവിശേഷകരും

- ഇന്ന് നമുക്ക് ആവശ്യം ഒന്നാമത്തെയും രണ്ടാമത്തെയും തരത്തിലുള്ള കൂട്ടുവേലക്കാരെയാണ്
- സാഹചര്യം എന്തുതന്നെയായാലും, ദൈവം നമ്മെ ഏൽപ്പിച്ച വേല ചെയ്യാനാണ് നാം ഇവിടെ ആയിരിക്കുന്നത്

<table>
<tr><th colspan="2">ദിവ്യ പ്രവാഹം</th></tr>
<tr><td>ജീവന്റെ പ്രവാഹം</td><td>സ്രോതസ്സ്:<br>ദൈവം ജീവന്റെ ഉറവയാണ്, ഈ ജീവന്റെ ഉറവയിൽനിന്ന് ദൈവത്തിന്റെ ആനന്ദനദി ഒഴുകുന്നു. മനുഷ്യന് ഈ ദിവ്യ നദി കുടിക്കുവാനും ദൈവത്തിന്റെ ആനന്ദങ്ങൾ ആസ്വദിക്കുവാനും സംതൃപ്തനാകുവാനും കഴിയും. ദൈവം ആദ്യം തന്റെ പുത്രനായ ക്രിസ്തുവിലും, തുടർന്ന് ആത്മാവായും പുറത്തേക്ക് ഒഴുകി. ദൈവം ഉറവയും, ഉറവിടവുമാണ്; പുത്രനായ ക്രിസ്തു ഈ ദിവ്യജലത്തിന്റെ പ്രവാഹമാണ്; പരിശുദ്ധാത്മാവ് എല്ലായ്പ്പോഴും ഒഴുകുന്ന ജീവന്റെ നീരൊഴുക്കുമാണ്. പെന്തെക്കൊസ്തു നാളിൽ കർത്താവ് പരിശുദ്ധാത്മാവിൽ തന്നെത്തന്നെ പുറത്തേക്ക് ഒഴിച്ചു. അതിനുശേഷം ഏകദേശം രണ്ടായിരം വർഷമായി, പരിശുദ്ധാത്മാവ് ഈ ലോകത്തിൽ ഒഴുകിക്കൊണ്ടിരിക്കുന്നു. ഈ ഒഴുക്ക് ഒരിക്കലും നിന്നിട്ടില്ല, അത് നിത്യതയോളം ഒഴുകുകയും ചെയ്യും.</td></tr>
<tr><td>കൂട്ടായ്മയുടെ പ്രവാഹം</td><td>കൂട്ടായ്മ:<br>പുതിയ യെരൂശലേമിൽ ഒരേയൊരു വീഥി മാത്രമേയുള്ളൂ, അതിന്റെ നടുവിൽ ജീവജലത്തിന്റെ നദിയുണ്ട്. അത് നഗരത്തിലുടനീളം ഒഴുകുന്നു, ഈ ജീവജലത്തിന്റെ പ്രവാഹത്തിലൂടെ മാത്രമേ നഗരത്തിനു മുഴുവനും കൂട്ടായ്മ ചെയ്യുവാൻ കഴിയുകയുള്ളൂ. ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ ദിവ്യജീവന്റെ പ്രവാഹമാണെന്ന് ഇത് വെളിപ്പെടുത്തുന്നു. സഭയുടെ കൂട്ടായ്മ ദിവ്യജീവന്റെ ഒഴുക്കാണ്. ഈ കൂട്ടായ്മ പെന്തെക്കൊസ്തു നാളിൽ ആരംഭിച്ച്, യെരൂശലേമിൽ നിന്ന് ലോകമെമ്പാടും ഒഴുകി. അത് ഓരോ വിശ്വാസിയെയും ഒരുമയിലേക്ക് കൊണ്ടുവരികയും, അവരെ ക്രിസ്തുവിന്റെ ഏക ശരീരത്തിലെ അവയവങ്ങളാക്കിത്തീർക്കുകയും ചെയ്യുന്നു.</td></tr>
<tr><td>സാക്ഷ്യത്തിന്റെ പ്രവാഹം</td><td>സാക്ഷ്യം:<br>ഈ പ്രവാഹം എവിടെ ഒഴുകുന്നുവോ, അവിടെ കർത്താവായ യേശുക്രിസ്തുവിന്റെ സാക്ഷ്യവുമുണ്ട്. പുതിയ യെരൂശലേമിൽ, നിങ്ങൾ ആ പ്രവാഹത്തെ പിൻതുടരുകയാണെങ്കിൽ, അത് കർത്താവായ യേശു ഇരിക്കുന്ന ഇടത്തേക്ക് നിങ്ങളെ കൊണ്ടുവരും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഈ ജീവജലത്തിന്റെ പ്രവാഹം ക്രിസ്തുവിനെക്കുറിച്ച് ചിലതൊക്കെ അറിയുവാൻ നിങ്ങളെ ഇടയാക്കും; അത് നിങ്ങൾക്ക് ക്രിസ്തുവിനെക്കുറിച്ച് ചിലത് സാക്ഷീകരിക്കുകയും ചെയ്യും. ഒരു കുഞ്ഞാടുണ്ടെന്നും, ആ കുഞ്ഞാടിനുള്ളിൽ ദൈവം തന്നെയുണ്ടെന്നും, ആ കുഞ്ഞാട് സിംഹാസനത്തിലാണെന്നും അത് സാക്ഷീകരിക്കുന്നു. ഈ മൂന്ന് കാര്യങ്ങൾ കർത്താവായ യേശുവിന്റെ സാക്ഷ്യത്തിന്റെ സംഗ്രഹമാകുന്നു—ദൈവം കുഞ്ഞാടിലായിരിക്കുകയും, കുഞ്ഞാട് സിംഹാസന-ത്തിലായിരിക്കുകയും ചെയ്യുന്നു. ദിവ്യജീവന്റെ പ്രവാഹം ഈ സാക്ഷ്യം നമ്മിലേക്ക് കൊണ്ടുവരുന്നു.</td></tr>
<tr><td>ദൈവത്തിന്റെ വേലയുടെ പ്രവാഹം</td><td>നീക്കം:<br>ഈ പ്രവാഹം ദൈവത്തിന്റെ വേലയുടെ പ്രവാഹം കൂടിയാണ്. ജീവജലത്തിന്റെ പ്രവാഹം എവിടെ ഒഴുകുന്നുവോ, അവിടെ ദൈവത്തിന്റെ വേലയുണ്ട്. പെന്തെക്കൊസ്തു നാളിൽ, ഈ ദിവ്യജീവന്റെ പ്രവാഹം, സിംഹാസനത്തിൽ നിന്നുള്ള ഭരണാധികാരത്തോടെ, ക്രിസ്തുവിലുള്ള ദൈവം തന്നിൽ നിന്ന് പുറപ്പെട്ടു വന്നു. അത് യെരൂശലേമിൽ നിന്ന് ഒഴുകുവാൻ തുടങ്ങി. അവിടെ നിന്ന് അത് അന്ത്യോക്യയിലേക്ക് ഒഴുകി, പിന്നീട് അന്ത്യോക്യയിൽ നിന്ന് പടിഞ്ഞാറോട്ട് തിരിഞ്ഞു; അത് ഏഷ്യയിലേക്കും, ഏഷ്യയിലൂടെ മക്കദോന്യയിലേക്കും, യൂറോപ്പിലേക്കും ഒഴുകി. ദിവ്യജീവന്റെ പ്രവാഹത്തിന്റെ ഒരു ചിത്രം ഇവിടെയുണ്ട്, ഈ പ്രവാഹത്തോടുകൂടെ ദൈവത്തിന്റെ വേലയുമുണ്ട്. ഒഴുകുന്നതിലൂടെ ദൈവം പ്രവർത്തിക്കുന്നു; ഒഴുകുന്നതിലൂടെ ദൈവം തന്റെ സുവിശേഷം പ്രസംഗിക്കുന്നു; ഒഴുകുന്നതിലൂടെ ദൈവം ആളുകളെ രക്ഷയിലേക്ക് കൊണ്ടുവരുന്നു. വേലയുടെ പ്രവാഹം, അല്ലെങ്കിൽ നീരൊഴുക്ക്, എന്ന് നമുക്ക് വിളിക്കുവാൻ കഴിയുന്ന ഒരു പ്രവാഹമുണ്ട്. അത് എവിടെ ഒഴുകുന്നുവോ, അവിടെ ദൈവത്തിന്റെ വേലയുണ്ട്.</td></tr>
<tr><td colspan="2">നാം നമ്മെത്തന്നെ ഈ പ്രവാഹത്തിൽ സൂക്ഷിക്കണം:<br>സഹോദരീസഹോദരന്മാരേ, നാം ഈ പ്രവാഹത്തിൽ ആയിരിക്കണം. നാം ഈ പ്രവാഹത്തിൽ അല്ലെങ്കിൽ, നാം ജീവന് പുറത്താണ്, നാം ശരീരത്തിന്റെ കൂട്ടായ്മയ്ക്ക് പുറത്താണ്, നാം കർത്താവായ യേശുവിന്റെ സാക്ഷ്യത്തിന് പുറത്താണ്, നാം ദൈവത്തിന്റെ വേലയ്ക്ക് പുറത്തുമാണ്. ഓ, നാം ഈ പ്രവാഹത്തിൽ  ആയിരുന്നാൽ മാത്രം മതി, നമുക്ക് എല്ലാം ഉണ്ടായിരിക്കും. നിങ്ങൾക്ക് ഈ പ്രവാഹമുണ്ടെങ്കിൽ, നിങ്ങൾക്ക് സിംഹാസനമുണ്ട്, കുഞ്ഞാടുണ്ട്, കുഞ്ഞാടിനുള്ളിൽ ദൈവവും നിങ്ങൾക്കുണ്ട്. നിങ്ങൾക്ക് ഈ പ്രവാഹമുണ്ടെങ്കിൽ, നിങ്ങൾക്ക് എല്ലാം ഉണ്ട്. നിങ്ങൾ ഈ പ്രവാഹത്തിലാണെങ്കിൽ , അപ്പോൾ നിങ്ങൾ ദൈവത്തിലാണ്, സിംഹാസനത്തോടുകൂടിയ കുഞ്ഞാടിലാണ്, നിങ്ങൾ ജീവനിലാണ്, കൂട്ടായ്മയിലാണ്, സാക്ഷ്യത്തിലാണ്, ദൈവത്തിന്റെ വേലയിലുമാണ്. നിങ്ങൾ പ്രവാഹത്തിലാണോ? നിങ്ങൾ അത് അറിയേണ്ടതുണ്ട്. നിങ്ങൾ പ്രവാഹത്തിലല്ലെങ്കിൽ, നിങ്ങൾ തിരിയേണ്ടതായുണ്ട്. നാം പ്രവാഹത്തിൽ ആയിരിക്കണം. നിങ്ങളുടെ ഉള്ളിലെ പ്രവാഹത്തിന്റെ  ഒഴുക്ക് മുറിഞ്ഞുപോയി എന്ന് എപ്പോഴൊക്കെ നിങ്ങൾക്ക് തോന്നുന്നുവോ, അപ്പോഴൊക്കെ കാരണം അന്വേഷിക്കുവാൻ നിങ്ങൾ ഉടൻതന്നെ കർത്താവിങ്കലേക്ക് തിരിയണം. എന്തുകൊണ്ടാണ് നിങ്ങളുടെ ഉള്ളിലെ പ്രവാഹം നിലച്ചത്? നിങ്ങൾ കാരണം കണ്ടെത്തുകയും, ഒഴുക്ക് പ്രത്യുദ്ധരിക്കപ്പെടുന്നതുവരെ അതിനെക്കുറിച്ച് കർത്താവിനോട് ഇടപെടുകയും ചെയ്യണം. നിങ്ങൾ എവിടേക്ക് പോകുകയാണെങ്കിലും എന്ത് ചെയ്യുവാൻ ഒരുങ്ങുകയാണെങ്കിലും, ആ കാര്യവുമായി മുന്നോട്ട് പോയാൽ പ്രവാഹത്തിന്റെ ഒഴുക്ക് നിലച്ചുപോകുമെന്ന ഒരനുഭവം ഉണ്ടായാൽ, നിങ്ങൾ ഉടനെ നിർത്തണം. ഒഴുക്ക് നിലനിർത്തുവാൻ വേണ്ടി നിർത്തുക. ഒഴുക്ക് നിലനിർത്തുവാൻ, കർത്താവിൽ നിന്നല്ലാത്ത, അതായത്, നിങ്ങളുടെ ഉള്ളിലെ പ്രവാഹത്തിന്റെ ഒഴുക്കിൽ നിന്നല്ലാത്ത, എല്ലാ പ്രവർത്തികളിൽ നിന്നും നിങ്ങൾ ഒഴിഞ്ഞുനിൽക്കണം.</td></tr>
</table>